ഏതൊരാൾ എന്നോട് സലാം പറഞ്ഞാലും ഞാൻ അദ്ദേഹത്തിന് സലാം മടക്കാൻ വേണ്ടി അല്ലാഹു എനിക്ക് എന്റെ ആത്മാവ് തിരിച്ചുനൽകുക തന്നെ ചെയ്യുന്നതാണ്

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "ഏതൊരാൾ എന്നോട് സലാം പറഞ്ഞാലും ഞാൻ അദ്ദേഹത്തിന് സലാം മടക്കാൻ വേണ്ടി അല്ലാഹു എനിക്ക് എന്റെ ആത്മാവ് തിരിച്ചുനൽകുക തന്നെ ചെയ്യുന്നതാണ്."
[إسناده حسن] [رواه أبو داود وأحمد]

നബി -ﷺ- യോട് അടുത്ത് നിന്നോ വിദൂരത്ത് നിന്നോ സലാം പറയുന്നവർക്ക് സലാം മടക്കുന്നതിന് വേണ്ടി അല്ലാഹു അവിടുത്തെ ആത്മാവ് അവിടുത്തേക്ക് മടക്കി നൽകുന്നതാണെന്ന് നബി -ﷺ- അറിയിക്കുന്നു. പ്രത്യേകം ശ്രദ്ധിക്കുക : ഖബ്ർ ജീവിതവും അവിടെയുള്ള ബർസഖിയായ ലോകവും നമുക്ക് അദൃശ്യമായ ഗയ്ബിയായ കാര്യമാണ്. അതിന്റെ യാഥാർത്ഥ്യത്തെ കുറിച്ച് അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുകയില്ല. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.

http://sunnah.global/hadeeth/ml/show/6222